115 (695) ത്രിതല പഞ്ചായത്ത് - നഗരസഭ നഗരപാലിക സ്ഥാപനങ്ങളിൽ ഫോട്ടോ കോപ്പിയർ മെഷീനുകൾ വാങ്ങാൻ ലഭ്യമാക്കിയ തുക

ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത്-നഗരപാലിക സ്ഥാപനങ്ങളിൽ ഫോട്ടോകോപ്പിയർ മെഷീനുകൾ വാങ്ങാൻ പഞ്ചായത്ത് ഡയറക്ടറാഫീസിൽ എന്തു തുക ലഭ്യമാക്കിയിട്ടുണ്ട്;

(ബി) ഇതിൻ പ്രകാരം എത്ര മെഷീനുകൾ വാങ്ങിയെന്നും, എന്ത് തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾക്ക് ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങുവാൻ നാളിതുവരെ 691 ലക്ഷം രൂപ ലഭിച്ചു.

(ബി) മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. നാളിതുവരെ യാതൊരു തുകയും ചെലവഴിച്ചില്ല.

116 (696) ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ആഡിറ്റ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 1999-ൽ എത്ര പെർഫോമൻസ് ആഡിറ്റ് നടത്തിയെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) എത്ര ആഡിറ്റ് റിപ്പോർട്ടുകളിൽ മേൽ നടപടി സ്വീകരിച്ചു;

(സി) ഗുരുതരമായ വീഴ്ചകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ടോ;

(ഡി) റിപ്പോർട്ടുകളിൻമേൽ നടപടി സ്വീകരിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1999-ലെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ എല്ലാംതന്നെ പൂർണ്ണമായും ലഭിച്ചിട്ടില്ല. അവ ലഭിച്ചുകൊണ്ടിരിക്കുന്നതേയുള്ളൂ.

(ബി) റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മൂന്ന് ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ ഗുരുതര സ്വഭാവമുള്ള വീഴ്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) 1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കുകയും അവയിൽ പോരായ്മകളോ തെറ്റുകളോ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് ഗ്രാമപ

LIBRARY ARCHIVES Kerala Legislative Assembly